## സർക്കുലർ

157 /NSS/DHSE/2019 20/11/2019

ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന നവംബർ മാസം 26-ാം തീയതി എല്ലാ എൻ. എസ്. എസ് യൂണിറ്റുകളുടെയും നേതൃത്വത്തിൽ ഭരണഘടനാ ദിനമായി ആചരിക്കേണ്ടതാണ്.

ഭരണഘടനയുടെ ആമുഖത്തിൽ (Preamble) പരാമർശിക്കുന്ന നീതി, സ്വാതന്ത്ര്യം, തുല്യത, സാഹോദര്യം എന്നീ അവകാശങ്ങൾ രാജ്യത്ത് ഉറപ്പാക്കുവാനും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ജനാധിപത്യ മതേതരത്വ, പരമാധികാര, സോഷ്യലിസ്റ്റ് മൂല്യങ്ങൾ സംരക്ഷിക്കപ്പെടുവാനും നമ്മുടെ വിദ്യാർത്ഥികൾ പ്രബുദ്ധ പൗരത്വത്തിലേക്ക് വളരേണ്ടതുണ്ട്.

ശാസ്ത്രിയമായ കാഴ്ച്ചപ്പാട്, മാനവികത, അന്വേഷണാത്മകത എന്നീ മനോഭാവങ്ങൾ വിദ്യാർത്ഥികളിൽ വളരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

ഭരണഘടനാ ദിനമായ നവംബർ 26-ാം തീയതി എൻ. എസ്. എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ഭരണഘടനാ ദിനമായി ആചരിക്കേണ്ടതും അന്നേ ദിവസം രാജ്യത്തിന്റെ ഐക്യത്തിനായും ഭരണഘടനാ സംരക്ഷണത്തിനായും പ്രതിജ്ഞയെടുക്കേണ്ടതുമാണ്. എല്ലാ എൻഎസ്എസ് യൂണിറ്റുകളും ഭരണഘടനയുടെ ആമുഖത്തിന്റെ മലയാള പരിഭാഷ ഫ്രെയിം ചെയ്ത് സ്കൂളിന്റെ പൊതു ഇടത്ത് പ്രദർശിപ്പിക്കേണ്ടതാണ്. അന്നേ ദിവസം വിദ്യാർത്ഥികളുടെ പഠന സമയത്തെ ബാധിക്കാതെ താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

1. സെമിനാർ/ ശില്പശാലകൾ

2. ക്വിസ്, പ്രസംഗ, രചനാ, ഡിബേറ്റ് മത്സരങ്ങൾ (മൗലിക ചുമതലകൾ (Fundamental Duties) സാമൂഹ്യ-സാമ്പത്തിക സമത്വം, ദേശീയത, മതേതരത്വം തുടങ്ങിയ വിഷയങ്ങളിൽ).

3. റാലികൾ

4. ഭരണഘടനയെ സംബന്ധിക്കുന്ന പ്രഭാഷണങ്ങൾ

ജില്ലാ കൺവീനർമാർ തെരഞ്ഞെടുത്ത ഫോട്ടോകൾ ഉൾപ്പെടെ ടി പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ എൻ.എസ്.എസ്. സെല്ലിലേക്ക് നവംബർ 30 ന് മുൻപായി അയക്കേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ

**<u>പ്രതിജ്ഞ</u>**

ഭാരതത്തിലെ പൗരൻ എന്ന നിലയിൽ എന്റെ രാഷ്ട്രത്തോടും ഭരണഘടനാ മൂല്യങ്ങളോടുമുള്ള അടിയുറച്ചവിശ്വാസം ഞാൻ പ്രഖ്യാപിക്കുന്നു.

രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണി ഉയരുന്ന കാലഘട്ടത്തിൽ വ്യക്തികളോ, സ്ഥാപനങ്ങളോ, സംഘടനകളോ തമ്മിലുള്ള തർക്കങ്ങൾ സമാധാന മാർഗ്ഗങ്ങളിലൂടെ മാത്രമേ പരിഹരിക്കാവൂ എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ ജീവിത പരിസരങ്ങളിലോ എന്റെ രാജ്യത്തിനകത്ത് എവിടെയെങ്കിലുമോ ഉണ്ടാകുന്ന തർക്കങ്ങളുടെ പരിഹാരത്തിനായി യാതൊരു അക്രമമാർഗ്ഗവും ഞാൻ സ്വീകരിക്കുകയില്ലായെന്ന് പ്രതിജ്ഞ ചെയ്യുന്നു.